
# നിനവ്

## ഡിജിറ്റൽ മാഗസിൻ

## എ .കെ .എം എച്ച് .എസ് കുടവൂർ



# ഉള്ളടക്കം


1 കേരള ഗാന്ധിമാർ .................................................................4

2 കുട്ടികുറുമ്പൻ ......................................................................5

3 എൻ ഹൃദയം ........................................................................5

4 അമ്മയാണെന്നുമെൻ ദൈവം .................................................6

5 എന്റെ കേരളം .......................................................................7

6 അപ്പൂപ്പനും അമ്മൂമ്മയും ചാമ്പമരവും ........................................8

7 കുറിഞ്ഞിമല ..........................................................................9

8 മന്ത്രികച്ചെണ്ട ........................................................................9

9 പ്രഭാതം ..............................................................................11

10 ആട്ടിടയന്റെ വിദ്യ ..............................................................11

11 ഒരു മഴകാല ഓർമ്മ ...........................................................13

12 എസ് കെ പൊറ്റക്കാട്...........................................................14

13 സൗഹൃദം ........................................................................17

14 സന്യാസിയും നായയും .......................................................17

15 മുറിവാലൻ അണ്ണൻ ............................................................19

16 ബീമുവിനെ കുടുക്കി ...........................................................19

17 സ്വാർണ്ണമീനും കാക്കയും ....................................................20

18 Wee Willie Winkie.............................................................21

19 Jack and Jill......................................................................22

20 A dark brown dog..............................................................23

21My doggy ate my homework............................................27

22 An apple tree and our parents...........................................29

22 Mary had a little lamb.....................................................30

# കേരള ഗാന്ധിമാർ

കേരള ഗാന്ധി -കെ കേളപ്പൻ

അതിർത്തി  ഗാന്ധി -ഖാൻ അബ്ദുൽ ഗഫാർ ഖാൻ

ആധുനിക ഗാന്ധി -ബാബ ആംതെ

ബീഹാർ ഗാന്ധി -Dr.രാജേന്ദ്രപ്രസാദ്

അമേരിക്കൻ  ഗാന്ധി -മാർട്ടിൻ ലൂതർ കിംഗ്

ശ്രീലങ്കൻഗാന്ധി -എ ടി അരിയരത്നെ

ദക്ഷിണാഫ്രിക്കൻ ഗാന്ധി -നെൽസൺ മണ്ടേല

മയ്യഴി ഗാന്ധി -ഐ .കെ .കുമാരൻ മാസ്റ്റർ

കെനിയൻ ഗാന്ധി -ജോമോ കെനിയതേ

ജർമൻ ഗാന്ധി -ജെറാൾഡ് ഫിഷർ

# കുട്ടികുറുമ്പൻ

കുട്ടികുറുമ്പൻ കൊമ്പനാന
കാടെല്ലാം ചവിട്ടിമെതിട്ടുന്നേ
വാകമരങ്ങൾ മറിച്ചിട്ടുന്നേ
ചിന്നം വിളിച്ചു കൊണ്ടോടിട്ടുന്നെ
ഓടിക്കോ എല്ലാരും ദൂരേ  ദൂരേ
മുൻപിൽ ചെന്നാരും പെട്ടിടല്ലേ



# എൻ ഹൃദയം

എൻ ഹൃദയം
നീ ചിരിച്ചാൽ
ചിരികുവെൻ ഹൃദയം
നീ കരഞ്ഞാൽ
ചിതറിടുന്നവെൻ ഹൃദയം
നീ ഭയന്നാൽ
വിറയ്ക്കുന്നവെൻ ഹൃദയം
നിൻ നെടുവീർപ്പുകളാൽ
പൊള്ളുന്നവെൻ ഹൃദയം



നീ നീയല്ലാതാകുമ്പോൾ
നഷ്ടമാകുന്നവെനിക്കെൻ ഹൃദയം

# അമ്മയാണെന്നുമെൻ ദൈവം



മലരിൽത്തുളുമ്പുന്ന മധുവാണെന്നമ്മ
ചൊടിയിൽ കനിവുള്ള കതിരാണെന്നമ്മ
നിഷ്കളങ്കതയുടെ തീവ്രമാം കഥയാണെന്നമ്മ
അക്ഷരം ചൊല്ലിപഠിപ്പിക്കും ഗുരുവാണെന്നമ്മ
എൻ സങ്കടം മായ്ക്കുമെന്നമ്മ
ദയവിന്റെ പാഠങ്ങൾ പഠിപ്പിക്കുമെന്നമ്മ
ത്യാഗത്തിൻ കഥകൾ ചൊല്ലിത്തരുമെന്നമ്മ
ചെറുമുത്തുപോൾഹൃദ്യമാണെന്നമ്മ

# എന്റെ കേരളം




കണ്ടാൽ കണ്ണിനു കുളിരേകീടും
കേരളം നന്മയുടെ നാടാണ്
തെങ്ങും കമുകും മാവും പ്ലാവും
അരുവിയും നദിയും കായലും കടലും
താളം തുള്ളും നാടാണ്
ഓരോ മനസ്സും പൂക്കളമാകാൻ
ഓണപ്പാട്ട് നമുക്കുണ്ട്
ഓരോ നാടിനുമാഹ്ലാദിക്കാൻ
ഒത്തിരിയുത്സവമിവിടുണ്ട്
ഓരോ കാലത്തിവിടം തേടി
ഓടിയണഞ്ഞു നാമെല്ലാം

ഒരു മൺതരിയില്ലമെന്നവകാശം
കേരളമെന്നു പറഞ്ഞാൽ പോരാ
കേരളമെന്തന്നറിയണം

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പമരവും




ഒരിടത്തൊരിടത്ത്ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.
അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കുവീണു.

രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വര ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി. പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ
തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

**ഗുണപാഠം നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും**

# കുറിഞ്ഞിമല



കാട്ടും പടലും പൂവും പുല്ലും
മാമല നൽകും സമ്പത്തല്ലോ
കളകളമൊഴുകും കാട്ടാറുകളും
കുന്നിൻ ചരിവിനാഭരണം
അങ്ങനെയുള്ളൊരു കാനനമിന്ന്
കേഴുന്നു ഒരു മാരിക്കായ്

# മാന്ത്രികച്ചെണ്ട



ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു.ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.

എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും.
ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു.
രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു.
വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."

കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാംമറ്റൊരാൾ കാണുന്നുണ്ടായിരുന്നു - മരത്തിനു മുകളിലെ വനദേവത!

പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയുംണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി!

പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.

എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.


രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്.

"ഹ്ം , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്ന ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കൊട്ടു തുടങ്ങു. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം !

നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.

രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!
**ഗുണപാഠം ::ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്**

# പ്രഭാതം



വെട്ടം വീണ കിഴക്കൻ ദിക്കിൽ
കതിരവനെത്തി പ്രഭയോടെ
അംബര വീഥിയിലെമ്പാടും
അരുണിമ പടരുന്നതിവേഗം

# ആട്ടിടയന്റെ വിദ്യ

പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും.

"നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ച് നടക്കുന്നു!."

കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്.നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂട് തുറന്ന് ആടുകളെയും കൊള്ളക്കാർ തെളിച്ച് നടത്തി.

പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തുടെ വരിവരിയായി പോകുകയായാണവർ.



പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും

സംഘവും എളുപ്പത്തിൽ കീഴടക്കി."ആടുകളെ മേച്ച നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?" തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

**ഗുണപാഠം :: ഏതുജോലിക്കും അതിന്റേതായ മഹത്വം ഉണ്ട്. ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്...**




# ഒരു മഴക്കാല ഓർമ....വൈകില്ലെന്ന് അമ്മയ്ക്ക് കൊടുത്ത വാക്ക്...

പുറത്ത് നല്ല മഴയാണ്...തണുപ്പുള്ളതുകൊണ്ട് പുറത്തേക്കിറങ്ങാൻ വയ്യ. ഇറയത്തുവച്ച പാത്രത്തിൽ മഴത്തുള്ളികൾ താളം പിടിയ്ക്കുന്നത് കണ്ടാസ്വദിച്ച എന്റെ കുട്ടിക്കാലം ഇപ്പോഴെനിക്ക് വിദൂരമാണ്. തിണ്ണയിലിരുന്ന് ഇറയത്തിറ്റുന്ന വെള്ളം തട്ടിത്തെറിപ്പിച്ച് കോലായി നനച്ചതിന് അമ്മയെത്ര വഴക്കു പറഞ്ഞിരിക്കുന്നു. ഒരു കടലാസു തോണിയിറക്കാൻ അമ്മയുടെ കണ്ണുവെട്ടിച്ച് മുറ്റത്തിറങ്ങിയിട്ട് വഴുക്കലിച്ച് വീണത് അനുസരണക്കേടുകൊണ്ടായിരുന്നത്രെ

അന്നൊരു ദിവസം സ്കൂൾ വിടുന്ന സമയമായപ്പോൾ നല്ല മഴയുണ്ടായിരുന്നു. സ്കൂളിലേക്ക് പോകാൻ രണ്ട് വഴികളുണ്ട്. കനാൽക്കരയിലൂടെയും വയലിലൂടെയും പോകാം. മഴപെയ്യതുകൊണ്ട് വയലിൽ വെള്ളം കയറിയിട്ടുണ്ടാവും. അങ്ങനെ വരുമ്പോൾ ആ വഴിപോകാൻ വീട്ടുകാരുടെയും മാഷമ്മാരുടെയും വിലക്കുണ്ട്. പിന്നെയുള്ളത് കനാൽക്കരയാണ്. വയലിനെക്കാൾ കഷ്ടമാണ് അന്ന് കനാൽക്കര. വലിയ വലിയ കുണ്ടും കുഴികളും.

മഴ ചോർന്ന് കഴിഞ്ഞിട്ടാണ് ഞങ്ങൾ സ്കൂളിൽ നിന്നും ഇറങ്ങിയത്. അപ്പോൾ തന്നെ മണി അഞ്ച് കഴിഞ്ഞിരുന്നു. സ്കൂളിലേക്ക് പോകുന്നതും വരുന്നതും ഞങ്ങളൊരു ഗ്യാങാണ്. ചേച്ചിമാരും ചേട്ടന്മാരുമൊക്കെയുണ്ടാവും. ഓരോ കുണ്ടിലും കുഴിയിലും ചാടി, വെള്ളം എത്രത്തോളം ദൂരത്തേക്ക് തെറിക്കും, അതാരാണ് തെറിപ്പിയ്ക്കുന്നത് എന്നൊക്കെയുള്ള മത്സരങ്ങൾ നടത്തിക്കൊണ്ടാണ് നടത്തം. അല്ല ഓട്ടം, അതുമല്ല ചാട്ടം...ആ എന്തോ ഒന്ന്

കാലുകൾ പിണഞ്ഞിട്ട് വെള്ളത്തിലൂടെ ഓട്ടം. കുണ്ടുകൾ കാണുമ്പോൾ അതിലേക്ക് ചാട്ടം. അപ്പോൾ വെള്ളം നാലുദിക്കിലേക്കും തെറിക്കും. ഉടുത്ത ഉടുപ്പിലും മുഖത്തുമൊക്കെ ചെളി തെറിക്കുന്നതിൽ എനിക്കിന്നത്തെ പോലെ അന്ന് ഒട്ടും അസിങ്കമുണ്ടായിരുന്നില്ല. ഓടിക്കിതയ്ക്കുമ്പോൾ അല്പ സമയം പുറകിൽ നടന്നുവരുന്നവരെയും കാത്ത് പാലത്തിലോ മറ്റോ ഇരിക്കും. അങ്ങനെ ആടിയും പാടിയും അന്ന് വീട്ടിലെത്താൻ ആറര കഴിഞ്ഞിരിന്നു. സന്ധ്യ ആയതും ബാങ്കുവിളിച്ചതുമൊന്നും ഞങ്ങളറിഞ്ഞതേയില്ല. വീട്ടിലേക്ക് കയറുമ്പോൾ വള്ളിത്തണ്ടുമായി ഉറഞ്ഞുതുള്ളിയങ്ങനെ നിൽക്കുകയായിരുന്നു അമ്മ. മഴ പെയ്തപ്പോൾ വയലിലൂടെ വന്ന് ഞങ്ങളിലാർക്കെങ്കിലും എന്തെങ്കിലും പറ്റിയോ എന്ന വീട്ടുകാരുടെ ബേജാർ ഓർക്കാൻ അന്നാക്കളിത്തിരക്കിൽ എവിടെയാണ് നേരം. ഞങ്ങളെയും നോക്കിയിറങ്ങിയ അമ്മയോട്, കനാലിൽ കളിച്ചുകൊണ്ട് വരുന്നുണ്ടെന്ന് പറഞ്ഞുകൊടുത്തത് നമ്പൂരിവീട്ടിലെ ചേട്ടനാണ്. അപ്പൊ ശരിപ്പെടുത്തിവച്ചതാണ് അമ്മ ആ വള്ളിത്തണ്ട്. കോണി കയറി മുറ്റത്തെത്തിയതും കിട്ടി ശടപടേന്ന്. പാവാട കയറ്റി നനഞ്ഞ തുടയിൽ വള്ളിത്തണ്ട് കൊണ്ട് അടിച്ചപ്പോൾ നല്ല നീറ്റലുണ്ടായിരുന്നു. അന്നാവേദനയിൽ അമ്മയ്ക്ക് കൊടുത്ത വാക്കാണ്

ഇനിയൊരിക്കലും വൈകി വരില്ലെന്ന്. പക്ഷെ ഋതുക്കൾ മാറിവന്നപ്പോൾ ഞാൻ പിന്നെയും മഴയിൽ നനഞ്ഞിട്ടുണ്ട്. ചളി വെള്ളത്തിൽ ചാടിയിട്ടുണ്ട്. കടലാസു തോണിയിറക്കിയിട്ടുണ്ട്. അപ്പോഴൊക്കെ അമ്മയുടെ കൈയ്യീന്ന് കണക്കിന് കിട്ടിയിട്ടുമുണ്ട്. പക്ഷെ ഒരിക്കലും വീട്ടിലെത്താൻ വൈകിയിട്ടില്ല. ഇപ്പോഴും വൈകുമ്പോൾ വിളിച്ചു പറയും.

# എസ്.കെ. പൊറ്റെക്കാട്ട്



1913 മാർച്ച് 14 കോഴിക്കോട് ജനിച്ചു. അച്ഛൻ കുഞ്ഞിരാമൻ പൊറ്റെക്കാട്ട് ഒരു ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകൻ ആയിരുന്നു. പ്രാഥമിക വിദ്യാഭ്യാസം കോഴിക്കോട് ചാലപ്പുറം ഗണപത് സ്കൂളിലാണ് നടത്തിയത്. കോഴിക്കോട് സാമൂതിരി കോളേജിൽ നിന്നും ഇന്റർമീഡിയറ്റ് നേടിയ ശേഷം കോഴിക്കോട്ടെ

ഗുജറാത്തിവിദ്യാലയത്തിൽ 1937-1939 വർഷങ്ങളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. ഇക്കാലത്താണ് അദ്ദേഹത്തിന് യാത്രകളിൽ താല്പര്യം ജനിച്ചത്. 1939 ൽ ബോംബേയിലേക്കുള്ള യാത്രയിൽ നിന്നാണ് പിൽക്കാലത്ത് അദ്ദേഹത്തിന്റെ കീർത്തിയുടെ അടിസ്ഥാനമായ ലോകസഞ്ചാരങ്ങൾ ആരംഭിക്കുന്നത്. കുറച്ച് കാലം ബോംബേയിൽ ജോലി ചെയ്തു. ഇന്ത്യയിലുടനീളം സഞ്ചരിക്കുവാൻ ഈ കാലയളവിൽ അദ്ദേഹം പരിശ്രമിച്ചു. തന്റെ ജീവിതാവബോധവും സാഹിത്യാഭിരുചിയും നവീകരിച്ച അനുഭവങ്ങളാണ് സഞ്ചാരങ്ങളിലൂടെ പൊറ്റെക്കാട്ടിന് കൈവന്നത്. 1949 ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശയാത്ര നടത്തി. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവേഷ്യ എന്നിവിടങ്ങളിലെ മിക്ക രാജ്യങ്ങളും പല തവണ സന്ദർശിക്കുകയും ഓരോ സ്ഥലത്തെയും സാമാന്യ മനുഷ്യരുമായി ഇടപഴകുകയും ചെയ്തു. മലയാളത്തിനു ഏറെക്കുറെ നവീനമായ യാത്രാവിവരണ സാഹിത്യശാഖയ്ക്ക് എസ്. കെയുടെ സംഭാവനകൾ വിലപ്പെട്ടതാണ്.

കഥ പ്രസിദ്ധപ്പെടുത്തുന്നത്. സാമൂതിരി കോളേജുമാഗസിനിൽ വന്ന *രാജനീതി* എന്ന കഥയായിരുന്നു അത്. 1929-ൽ കോഴിക്കോട്ടുനിന്നുള്ള *ആത്മവിദ്യാകാഹള*ത്തിൽ *മകനെ കൊന്ന മദ്യം* എന്ന ഒരു കവിത പ്രസിദ്ധപ്പെടുത്തി. 1931-ൽ എറണാകുളത്തുനിന്നു മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിലുള്ള *ദീപം* എന്ന മാസികയിൽ *ഹിന്ദുമുസ്ലിംമൈത്രി* എന്ന കഥയും പുറത്തുവന്നു. തുടർന്നു *മാതൃഭൂമി* ആഴ്ച്ചപ്പതിപ്പിൽ തുടർച്ചയായി കഥകൾ പ്രസിദ്ധീകരിച്ചു തുടങ്ങി. ആദ്യത്തെ നോവൽ *നാടൻപ്രേമ*മാണ്. 1939-ൽ ബോംബേയിൽ വച്ചാണ് ഇതെഴുതിയത്. ഒരു തെരുവിന്റെ കഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് (1962), ഒരു ദേശത്തിന്റെ കഥയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (1973), സാഹിത്യപ്രവർത്തക സഹകരണസംഘം അവാർഡും (1977), ജ്ഞാനപീഠ പുരസ്കാരവും (1980) ലഭിച്ചു. മലയാള സാഹിത്യത്തിലെ ഒരു വലിയ പ്രതിഭ ആയിരുന്നു.

## പ്രധാന കൃതികൾ

നാടൻ പ്രേമം എന്ന ചെറു നോവൽ പ്രസിദ്ധീകരിക്കപ്പെട്ടതൊടെ അദ്ദേഹം കഥാസാഹിത്യരംഗത്തു പ്രസിദ്ധനായി. ഒരു പ്രധാന പ്രമേയത്തെ മുന്നിർത്തി വായനക്കാരുടെ മനസ്സിൽ വികാരത്തിന്റെ വേലിയേറ്റം സൃഷ്ടിക്കാനുള്ള കഴിവ് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ആനുകാലിക സംഭവങ്ങളെ മിത്തുകളാക്കി മാറ്റി അത് അബോധ മനസ്സിൽ പ്രതിഷ്ഠിച്ച് വായനക്കാരന് പ്രതിപാദ്യത്തെ ഹിതകരമാക്കുന്ന രീതിയാണ് അദ്ദേഹം കൈക്കൊണ്ടത്.

### നോവൽ

- 1937- വല്ലികാദേവി
- 1941- നാടൻ പ്രേമം
- 1945- പ്രേമശിക്ഷ
- 1948- മൂടുപടം

- 1948- വിഷകന്യക[3]
- 1959- കറാമ്പൂ
- 1960- ഒരു തെരുവിന്റെ കഥ
- 1971- ഒരു ദേശത്തിന്റെ കഥ[4]
- 1974- കുരുമുളക്
- 1979- കബീന
- നോർത്ത് അവന്യൂ[5]

- 1947 - കശ്മീർ
- 1949- യാത്രാസ്മരണകൾ
- 1951- കാപ്പിരികളുടെ നാട്ടിൽ
- 1954- സിംഹഭൂമി
- 1954- നൈൽ ഡയറി
- 1954- മലയ നാടുകളിൽ
- 1955- ഇന്നത്തെ യൂറോപ്പ്
- 1955- ഇന്തൊനേഷ്യൻ ഡയറി
- 1955- സോവിയറ്റ് ഡയറി
- 1956- പാതിരാസൂര്യന്റെ നാട്ടിൽ
- 1958- ബാലിദ്വീപ്
- 1960- ബൊഹേമിയൻ ചിത്രങ്ങൾ
- 1967- ഹിമാലയസാമ്രാജ്യത്തിൽ
- 1969- നേപ്പാൾ യാത്ര
- 1960- ലണ്ടൻ നോട്ട്ബുക്ക്
- 1974- കയ്റോ കത്തുകൾ
- 1977- ക്ലിയോപാട്രയുടെ നാട്ടിൽ
- 1976- ആഫ്രിക്ക
- 1977- യൂറോപ്പ്
- 1977- ഏഷ്യ

അദ്ദേഹത്തിന്റെ യാത്രാവിവരണലേഖനങ്ങൾ മൂന്ന വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിരിക്കുന്നു. **പര്യടനം** എന്ന പേരിൽ പൊറ്റെക്കാട്ടിന്റെ അപ്രകാശിത ഡയറിക്കുറിപ്പുകളുടെ സമാഹാരം മാതൃഭൂമി ബുക്ക്സ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു[7].

- യാത്രാവിവരണം: നൈൽഡയറി, യൂറോപ്പിലൂടെ, പാതിരാസൂര്യന്റെ നാട്ടിൽ, ബാലിദ്വീപ്, ലണ്ടൻ നോട്ട് ബുക്ക്, സഞ്ചാരസാഹിത്യം (ഭാഗം ഒന്നും രണ്ടും), സിംഹഭൂമി
- ചെറുകഥ: എസ്.കെ. പൊറ്റെക്കാട്ടിന്റെ കഥകൾ, ഒട്ടകവും മറ്റ് പ്രധാന കഥകളും
- കവിതാ സമാഹാരം: പ്രഭാതകാന്തി, സഞ്ചാരിയുടെ ഗീതങ്ങൾ, പ്രേമശില്പി

## ആത്മകഥ

- എന്റെ വഴിയമ്പലങ്ങൾ.

## നർമ്മലേഖനങ്ങൾ

- പൊന്തക്കാട്ടുകൾ
- ഗദ്യമേഖല

## പ്രധാന പുരസ്കാരങ്ങൾ

- കേരള സാഹിത്യ അക്കാദമി അവാർഡ്-ഒരു തെരുവിന്റെ കഥ[8]
- കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്-ഒരു ദേശത്തിന്റെ കഥ
- ജ്ഞാനപീഠ പുരസ്കാരം[9]

# സൗഹൃദം




അറിയാ മിണ്ടാതെ
വീശുന്ന തെന്നൽ പോൽ
നീ വന്നു കൂട്ടായി എൻ മാനസത്തിൽ
ആദ്യമായി നിന്നെ കണ്ടനാളെൻ
മനതാര് മന്ത്രിച്ചു നീയെന്നുമെൻ പ്രിയതോഴി
സുഖത്തിലും ദുഃഖത്തിലും
കുളിർ തെന്നലായ് വീശുന്ന
എൻ പ്രിയതോഴി
അറിയുന്നു ഞാൻ നീയെന്റെ
നോവുന്ന ചിത്തത്തെ

# സന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുമുള്ളതും വേണം നായയ്ക്ക്.ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം! നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ  പറഞ്ഞു. സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.

ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.



സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.

**ഗുണപാഠം ::വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും....**

# മുറിവാലൻ അണ്ണാൻ

കാക്കകൾ കരയുന്ന ശബ്ദ० കേട്ടാണ് ഞങ്ങൾ പുറത്തേക്ക് ഇറങ്ങി നോക്കിയത് .വീട്ടുമുറ്റത്തു നിന്നിരുന്ന പ്ലാവിന്റെ കൊമ്പിൽ നിന്ന് ഒരു അണ്ണന്റെ കൂട് താഴമുറിവാലൻ അണ്ണാൻ

കാക്കകൾ കരയുന്ന ശബ്ദ० കേട്ടാണ് ഞങ്ങൾ പുറത്തേക്ക് ഇറങ്ങി നോക്കിയത് .വീട്ടുമുറ്റത്തു നിന്നിരുന്ന പ്ലാവിന്റെ കൊമ്പിൽ നിന്ന് ഒരു അണ്ണന്റെ കൂട് താഴെ വീണ്

കിടക്കുന്നു .കൂട്ടിനു ചുറ്റും കാക്കകൾ കരഞ്ഞു കൊണ്ട് പറന്നുനടക്കുന്നു .'അമ്മ കല്ലെടുത്തെറിഞ്ഞപ്പോൾ കാക്കക്കൂട്ടം പറന്ന് പോയി .ഞാൻ ആ കൂട് ചെന്നെടുത്തു .

അതിൽ പേടിച്ചരണ്ടിരിക്കുന്ന ഒരണ്ണാന്കുഞ്ഞു .അവന്റെ ദേഹത്തു മുറിവുകൾ ഉണ്ടായിരുന്നു .ഭംഗിയുള്ള അവന്റെ വാല് കുറച് മുറിഞ്ഞ് പോയിരുന്നു .ഞങ്ങൾ അവനെ എടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി മുറിവുകളിൽ മരുന്നുപുരട്ടികൊടുത്തു . അവന് ക്ഷീണം മാറുവാനായി പാലും പഴവും നൽകി . കുറച്ചു ദിവസംകൾക്കകം അവൻ

മിടുക്കനായി അവനുവേണ്ടി നാനൊരുകൂടൊരുക്കി നല്ല ഭംഗിയുള്ള ഒരു ചെറിയ ഇരുമ്പ് കൂട് .അതിനകത്ത് വാഴനാരുകൾകൊണ്ടുള്ള അവന്റെകൂടും വെച്ചു .അവൻ ആ കൂട്ടിൽ ചുരുണ്ടുകിടന്നുറങ്ങുന്നത് കാണേണ്ട കാഴ്ചതന്നെയായിരുന്നു .ഞങ്ങളുടെ വീട്ടിലെ ചക്കയും മാങ്ങയുമൊക്കെത്തിന്നു അവൻ കുറേ കൂടി വലുതായി . ഒരു ദിവസ്സം അമ്മ എന്നോട് പറഞ്ഞു അവനെ തുറന്ന് വിടാൻ എനിക്ക് എനിക്ക് സങ്കടം തോന്നി പുറത്ത് സ്വാതന്ത്ര്യത്തോടെ ചാടി നടക്കുമ്പോൾ കിട്ടുന്ന സന്തോഷം

ഇവിടെ ഈ കൂട്ടിൽ കിട്ടില്ല .എന്ന് പറഞ്ഞ് അമ്മ എന്നെ സമ്മതിപ്പിക്കാൻ നോക്കി .അതുകേട്ട് സങ്കടത്തോടെയാണെങ്കിലും നാനവനെ തുറന്നുവിട്ടു .അവൻ

സന്തോഷത്തോടെ ചിലച്ചുകൊണ്ടു അടുത്തുള്ള മാവിന്റെ കൊമ്പിലേയ്ക്ക് ഓടിക്കയറിയപ്പോഴാണ് സ്വാതന്ത്രിയത്തിന്റെ വില എനിക്ക് മനസ്സിലായത്. ചിലപ്പോഴൊക്കെ അവനെ ഞാൻ കാണാറുണ്ട് ഒരു പേടിയും കുടാതെ മരങ്ങൾതോറും ചാടി നടക്കുന്ന നമ്മുടെ മുറിവാലനെ.

# ബീമുവിനെ കുടുക്കി



കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം.
ഒരു ദിവസം
ബീമു കാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്.
"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട് അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."
പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന് കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു. പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്ക കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.

ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ കണ്ടത്. അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു."ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..." ബീമുവിന് അത് പിടിച്ചില്ല.. " ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി . പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."

**ഗുണപാഠം :: മറ്റുള്ളവരെ ദ്രോഹിച്ചാൽ തിരിച്ചും ശിക്ഷ കിട്ടും.....**

# സ്വർണ മീനും



# കാക്കയും ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു

അവൻ."അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തുഭംഗിയാണെനിക്ക്!" , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും.

അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽ വെട്ടിത്തിളങ്ങുന്നത് കാക്കചേട്ടന്റെ കണ്ണിൽപ്പെട്ടു. "ഹയ്യടാ , അതൊരു സ്വർണമീനാണല്ലോ!" , കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു.

കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് ! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകോണ്ടുള്ളൂ.
ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ് കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസിലായി.
അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി.

**ഗുണപാഠം :: നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും.....**

# *Wee willie winkie*




*Wee Willie Winkie*
*Runs through the town,*
*Upstairs and downstairs*
*In his night gown.*
*Tapping at the window,*
*Crying at the lock,*
*“Are the children all in bed,*
*For it’s past ten o’clock?”*
*“Hey Willie Winkie,*
*Are you coming in?*
*The cat’s singing purring sounds*
*To the sleeping hen.*

*The dog's spread out on the floor*
*and doesn't give a cheep,*
*But here's a wakeful little boy*
*who will not fall asleep."*
*Anything but sleep, you rogue,*
*Glowering like the moon,*
*Rattling in an iron jug*
*With an iron spoon,*
*Rumbling, tumbling round about,*
*Crowing like a cock,*
*Shrieking like a I don't know what,*
*Waking sleeping folk.*
*"Hey WIllie Winkie-*
*The child's in a creel!*
*Wriggling off everybody's kne*
*Like an eel.*
*Tugging at the cat's leg,*
*Confusing all her thrums-*
*Hey Willie Winkie,*
*See, there he comes."*
*Weary is the mother*
*Who has a dusty child,*
*A small, short little child*
*That can't run on his own,*
*That always has a battle with sleep,*
*Before he'll close an eye,*
*But a kiss from his rosy lips*
*Gives strength anew to me.*

# *Jack and jill*



*Jack and Jill*
*Went up the hill*
*To fetch a pail of water,*
*Jack fell down*
*And broke his crown*

*And Jill came tumbling after.*
*Up Jack got*
*And home did trot*
*As fast as he could caper,*
*Went to bed*
*To mend his head*
*With vinegar and brown paper.*

# A Dark Brown Dog



A child was standing on a street-corner. He leaned with one shoulder against a high board-fence and swayed the other to and fro, the while kicking carelessly at the gravel.

Sunshine beat upon the cobbles, and a lazy summer wind raised yellow dust which trailed in clouds down the avenue. Clattering trucks moved with indistinctness through it. The child stood dreamily gazing.

After a time, a little dark-brown dog came trotting with an intent air down the sidewalk. A short rope was dragging from his neck. Occasionally he trod upon the end of it and stumbled.

He stopped opposite the child, and the two regarded each other. The dog hesitated for a moment, but presently he made some little advances with his tail. The child put out his hand and called him. In an apologetic manner the dog came close, and the two had an interchange of friendly pattings and waggles. The dog became more enthusiastic with each moment of the interview, until with his gleeful caperings he threatened to overturn the child. Whereupon the child lifted his hand and struck the dog a blow upon the head.

This thing seemed to overpower and astonish the little dark-brown dog, and wounded him to the heart. He sank down in despair at the child's feet. When the blow was repeated, together with an admonition in childish sentences, he turned over upon his back, and held his paws in a peculiar manner. At the same time with his ears and his eyes he offered a small prayer to the child.

He looked so comical on his back, and holding his paws peculiarly, that the child was greatly amused and gave him little taps repeatedly, to keep him so. But the little dark-brown dog took this chastisement in the most serious way, and no doubt considered that he had committed some grave crime, for he wriggled contritely and showed his repentance in every way that was in his power. He pleaded with the child and petitioned him, and offered more prayers.

At last the child grew weary of this amusement and turned toward home. The dog was praying at the time. He lay on his back and turned his eyes upon the retreating form.

Presently he struggled to his feet and started after the child. The latter wandered in a perfunctory way toward his home, stopping at times to investigate various matters. During one of these pauses he discovered the little dark-brown dog who was following him with the air of a footpad.

The child beat his pursuer with a small stick he had found. The dog lay down and prayed until the child had finished, and resumed his journey. Then he scrambled erect and took up the pursuit again.

On the way to his home the child turned many times and beat the dog, proclaiming with childish gestures that he held him in contempt as an unimportant dog, with no value save for a moment. For being this quality of animal the dog apologized and eloquently expressed regret, but he continued stealthily to follow the child. His manner grew so very guilty that he slunk like an assassin.

When the child reached his door-step, the dog was industriously ambling a few yards in the rear. He became so agitated with shame when he again confronted the child that he forgot the dragging rope. He tripped upon it and fell forward.

The child sat down on the step and the two had another interview. During it the dog greatly exerted himself to please the child. He performed a few gambols with such abandon that the child suddenly saw him to be a valuable thing. He made a swift, avaricious charge and seized the rope.

He dragged his captive into a hall and up many long stairways in a dark tenement. The dog made willing efforts, but he could not hobble very skilfully up the stairs because he was very small and soft, and at last the pace of the engrossed child grew so energetic that the dog became panic-stricken. In his mind he was being dragged toward a grim unknown. His eyes grew wild with the terror of it. He began to wiggle his head frantically and to brace his legs.

The child redoubled his exertions. They had a battle on the stairs. The child was victorious because he was completely absorbed in his purpose, and because the dog was very small. He dragged his acquirement to the door of his home, and finally with triumph across the threshold.

No one was in. The child sat down on the floor and made overtures to the dog. These the dog instantly accepted. He beamed with affection upon his new friend. In a short time they were firm and abiding comrades.

When the child's family appeared, they made a great row. The dog was examined and commented upon and called names. Scorn was leveled at him from all eyes, so that he became much embarrassed and drooped like a scorched plant. But the child went sturdily to the center of the floor, and, at the top of his voice, championed the dog. It happened that he was roaring protestations, with his arms clasped about the dog's neck, when the father of the family came in from work.

The parent demanded to know what the blazes they were making the kid howl for. It was explained in many words that the infernal kid wanted to introduce a disreputable dog into the family.

A family council was held. On this depended the dog's fate, but he in no way heeded, being busily engaged in chewing the end of the child's dress.

The affair was quickly ended. The father of the family, it appears, was in a particularly savage temper that evening, and when he perceived that it would amaze and anger everybody if such a dog were allowed to remain, he decided that it should be so. The child, crying softly, took his friend off to a retired part of the room to hobnob with him, while the father quelled a fierce rebellion of his wife. So it came to pass that the dog was a member of the household.

He and the child were associated together at all times save when the child slept. The child became a guardian and a friend. If the large folk kicked the dog and threw things at him, the child made loud and violent objections. Once when the child had run, protesting loudly, with tears raining down his face and his arms outstretched, to protect his friend, he had been struck in the head with a very large saucepan from the hand of his father, enraged at some seeming lack of courtesy in the dog. Ever after, the family were careful how they threw things at the dog. Moreover, the latter grew very skilful in avoiding missiles and feet. In a small room containing a stove, a table, a bureau and some chairs, he would display strategic ability of a high order, dodging, feinting and scuttling about among the furniture. He could force three or four people armed with brooms, sticks and handfuls of coal, to use all their ingenuity to get in a blow. And even when they did, it was seldom that they could do him a serious injury or leave any imprint.

But when the child was present, these scenes did not occur. It came to be recognized that if the dog was molested, the child would burst into sobs, and as the child, when started, was very riotous and practically unquenchable, the dog had therein a safeguard.

However, the child could not always be near. At night, when he was asleep, his dark-brown friend would raise from some black corner a wild, wailful cry, a song of infinite lowliness and despair, that would go shuddering and sobbing among the buildings of the block and cause people to swear. At these times the singer would often be chased all over the kitchen and hit with a great variety of articles.

Sometimes, too, the child himself used to beat the dog, although it is not known that he ever had what could be truly called a just cause. The dog always accepted these thrashings with an air of admitted guilt. He was too much of a dog to try to look to be a martyr or to plot revenge. He received the blows with deep humility, and furthermore he forgave his friend the moment the child had finished, and was ready to caress the child's hand with his little red tongue.

When misfortune came upon the child, and his troubles overwhelmed him, he would often crawl under the table and lay his small distressed head on the dog's back. The dog was ever sympathetic. It is not to be supposed that at such times he took occasion to refer to the unjust beatings his friend, when provoked, had administered to him.

He did not achieve any notable degree of intimacy with the other members of the family. He had no confidence in them, and the fear that he would express at their casual approach often exasperated

them exceedingly. They used to gain a certain satisfaction in underfeeding him, but finally his friend the child grew to watch the matter with some care, and when he forgot it, the dog was often successful in secret for himself.

So the dog prospered. He developed a large bark, which came wondrously from such a small rug of a dog. He ceased to howl persistently at night. Sometimes, indeed, in his sleep, he would utter little yells, as from pain, but that occurred, no doubt, when in his dreams he encountered huge flaming dogs who threatened him direfully.

His devotion to the child grew until it was a sublime thing. He wagged at his approach; he sank down in despair at his departure. He could detect the sound of the child's step among all the noises of the neighborhood. It was like a calling voice to him.

The scene of their companionship was a kingdom governed by this terrible potentate, the child; but neither criticism nor rebellion ever lived for an instant in the heart of the one subject. Down in the mystic, hidden fields of his little dog-soul bloomed flowers of love and fidelity and perfect faith.

The child was in the habit of going on many expeditions to observe strange things in the vicinity. On these occasions his friend usually jogged aimfully along behind. Perhaps, though, he went ahead. This necessitated his turning around every quarter-minute to make sure the child was coming. He was filled with a large idea of the importance of these journeys. He would carry himself with such an air! He was proud to be the retainer of so great a monarch.

One day, however, the father of the family got quite exceptionally drunk. He came home and held carnival with the cooking utensils, the furniture and his wife. He was in the midst of this recreation when the child, followed by the dark-brown dog, entered the room. They were returning from their voyages.

The child's practised eye instantly noted his father's state. He dived under the table, where experience had taught him was a rather safe place. The dog, lacking skill in such matters, was, of course, unaware of the true condition of affairs. He looked with interested eyes at his friend's sudden dive. He interpreted it to mean: Joyous gambol. He started to patter across the floor to join him. He was the picture of a little dark-brown dog en route to a friend.

The head of the family saw him at this moment. He gave a huge howl of joy, and knocked the dog down with a heavy coffee-pot. The dog, yelling in supreme astonishment and fear, writhed to his feet and ran for cover. The man kicked out with a ponderous foot. It caused the dog to swerve as if caught in a tide. A second blow of the coffee-pot laid him upon the floor.

Here the child, uttering loud cries, came valiantly forth like a knight. The father of the family paid no attention to these calls of the child, but advanced with glee upon the dog. Upon being knocked down twice in swift succession, the latter apparently gave up all hope of escape. He rolled over on his back and held his paws in a peculiar manner. At the same time with his eyes and his ears he offered up a small prayer.

But the father was in a mood for having fun, and it occurred to him that it would be a fine thing to throw the dog out of the window. So he reached down and grabbing the animal by a leg, lifted him,

squirming, up. He swung him two or three times hilariously about his head, and then flung him with great accuracy through the window.

The soaring dog created a surprise in the block. A woman watering plants in an opposite window gave an involuntary shout and dropped a flower-pot. A man in another window leaned perilously out to watch the flight of the dog. A woman, who had been hanging out clothes in a yard, began to caper wildly. Her mouth was filled with clothes-pins, but her arms gave vent to a sort of exclamation. In appearance she was like a gagged prisoner. Children ran whooping.

The dark-brown body crashed in a heap on the roof of a shed five stories below. From thence it rolled to the pavement of an alleyway.

The child in the room far above burst into a long, dirgelike cry, and toddled hastily out of the room. It took him a long time to reach the alley, because his size compelled him to go downstairs backward, one step at a time, and holding with both hands to the step above.

When they came for him later, they found him seated by the body of his dark-brown friend.

# *My doggy ate my homework*

*"My doggy ate my homework.*
*He chewed it up," I said.*
*But when I offered my excuse*
*My teacher shook her head.*
*I saw this wasn't going well.*
*I didn't want to fail.*
*Before she had a chance to talk,*
*I added to the tale:*
*"Before he ate, he took my work*
*And tossed it in a pot.*
*He simmered it with succotash*
*Till it was piping hot.*
*"He scrambled up my science notes*
*With eggs and bacon strips,*
*Along with sautéed spelling words*
*And baked potato chips.*
*"He then took my arithmetic*
*And had it gently fried.*
*He broiled both my book reports*



*With pickles on the side.*
*“He wore a doggy apron*
*As he cooked a notebook stew.*
*He barked when I objected.*
*There was nothing I could do.”*
*“Did he wear a doggy chef hat?”*
*She asked me with a scowl.*
*“He did,” I said. “And taking it*
*Would only make him growl.”*
*My teacher frowned, but then I said*
*As quickly as I could,*
*“He covered it with ketchup,*
*And he said it tasted good.”*
*“A talking dog who likes to cook?”*
*My teacher had a fit.*
*She sent me to the office,*
*And that is where I sit.*
*I guess I made a big mistake*
*In telling her all that.*
*’Cause I don’t have a doggy.*
*It was eaten by my cat.*

# An Apple Tree and Our Parents



Once upon a time there was a huge apple tree. A little boy used to come to play near the tree. He would search for juicy apples. He would play alongside the tree and rest under the shade. The tree was overjoyed after meeting this little bundle of joy. One day, the tree was surprised to see that boy approaching it with a sad face.

“Come on little boy! Play with me," the Tree asked the boy.

“I am no longer a kid to play around tree like you," the boy scowled at the tree. “I need toys. I need money to buy toys of various designs and sizes," the boy told the tree.

“Sorry my dear boy! I do not have money to give you. But you can pick all my apples and sell them. That will give you adequate money to buy toys of your choices," replied the tree in soothing voice.

The boy grabbed all the apples and left happily. He sold the apples and got money. He bought toys of his choices.

Spring bid adieu and autumn came by but there was no sign of the boy.

One morning, the tree saw its friend. That little boy had grown up into a big man.

“Come and play with me" the tree said.

“I cannot play. I have family now. We need a house for shelters. Can you help me?" the man replied.

“Sorry! I do not have any house. But you can chop off my branches to build your house," the tree told the man.

The man cut all the branches of the tree and left happily. The tree was glad to see his friend smiling again.

The man returned one evening to the apple tree.

“Come and play with me," the tree asked the man.

“I am getting old. I want to go sailing to relax myself. Can you give me a boat," the man asked the apple tree.

“Use my trunk to build your boat," the tree told the man.

He cut off the trunk and made a boat out of it.

He went sailing and never showed up for a long time.

The man returned after many years.

“Sorry my boy! But now I do not have anything to offer to you. I have nothing for you anymore. No more apples….No more branches…no more trunks for you to climb on’" the tree said with

a pain in its voice.

“No problem….I too do not have any teeth to bite and I am too old to climb trees," the man replied.

“I just need a place to rest after all these days," the man replied.

“Old tree roots are the best place to lean on. Come on and sit down with me and rest," the apple tree replied with a concern in its voice.

The old man sat down. The apple tree was glad and smiled with tears.

This is the story of every person. The tree is like our parents. When we were young, we could not have imagined our life without them. But as we grow up, we leave them. No matter what, parents will always be there and give us everything to make us happy.

# *Mary had a little lamb*



*Mary had a little lamb,*
*Little lamb, little lamb,*
*Mary had a little lamb,*
*Its fleece was white as snow,*
*And every where that Mary went,*
*Mary went, Mary went,*
*Everywhere that Mary went,*
*The lamb was sure to go;*
*He followed her to school one day,*
*School one day, school one day,*
*He followed her to school one day,*
*Which was against the rule;*
*It made the children laugh and play,*
*Laugh and play, laugh and play,*
*It made the children laugh and play,*
*To see a lamb at school,*
*And so the teacher turned him out,*
*Turned him out, turned him out,*
*So the teacher turned him out,*
*But still he lingered near,*
*And waited patiently about,*
*Patiently about, patiently about,*
*Waited patiently about,*
*Till Mary did appear;*
*“Why does the lamb love Mary so?*

*Mary so, Mary so,*
*Why does the lamb love Mary so?"*
*The eager children cried;*
*"Why Mary loves the lamb, you know,*
*Lamb you know, lamb you know,*
*Why Mary loves the lamb, you know"*
*The teacher did reply;*
*Mary had a little lamb,*
*Little lamb, little lamb,*
*Mary had a little lamb,*
*Its fleece was white as snow.*